# പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2196 | 11.02.2020 ൽ മറുപടിയ്ക്ക് |
|---|---|
| **സമ്പുഷ്ട കേരളം പദ്ധതി** | |
| ചോദ്യം | മറുപടി |
| **ശ്രീ.സി. ദിവാകരൻ** | **കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് നടപ്പിലാക്കുന്ന സമ്പുഷ്ട കേരളം പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) ഒരു ഏകോപിത, ജീവിതചക്ര, ഫലാധിഷ്ഠിത സമീപനം സ്വീകരിച്ചുകൊണ്ട് പോഷണ ന്യൂനതകൾ പരിഹരിക്കുക എന്നതാണ് സമ്പുഷ്ട കേരളം ലക്ഷ്യമാക്കുന്നത്. ജീവിത ചക്ര സമീപനത്തിന്റെ ഭാഗമായി കൗമാരപ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, 0-6 വയസ് വരെ പ്രായമുള്ള കുഞ്ഞുങ്ങൾ എന്നിവരുടെ പോഷണ വൈകല്യങ്ങൾ പരിഹരിച്ച് ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനാണ് ഈ പോഷണ ദൗത്യം ഊന്നൽ നൽകുന്നത്. അങ്കണവാടികൾ മുഖേന നൽകി വരുന്ന വിവിധ സേവനങ്ങൾ പോഷണ ന്യൂനതകൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണെങ്കിലും ഈ ലക്ഷ്യം കൈവരിക്കുന്നതിൽ മറ്റ് പല പരിപാടികളുടെയും പങ്ക് തുല്യ പ്രാധാന്യമർഹിക്കുന്നു. ആരോഗ്യ പരിരക്ഷ, ശുദ്ധമായ കുടിവെള്ള ലഭ്യത, ശുചിത്വ സംവിധാനങ്ങൾ, ശുചിത്വ പരിപാലനം, അമ്മമാർക്കുള്ള ബോധവത്ക്കരണം, വിദ്യാഭ്യാസ പരിപാടികൾ, അമ്മമാരുടെ വിദ്യാഭ്യാസ നിലവാരം, |

ദാരിദ്ര്യം, മാറിവരുന്ന ജീവിതശൈലി, ഭക്ഷണരീതി എന്നിങ്ങനെയുള്ള പല ഘടകങ്ങളും വർദ്ധിത പോഷണ നിലവാരത്തിനെ സാരമായി ബാധിക്കുന്നവയാണ്. ദേശീയതലത്തിൽ പോഷണ ന്യൂനതയുടെ അളവ് കുറയ്ക്കുന്നതിന് മേൽപ്പറഞ്ഞ ഘടകങ്ങളുടെ അപര്യാപ്തത പരിഹരിച്ചുകൊണ്ടുള്ള സേവനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് വീട്ടു വീടാന്തരം ലഭ്യമാക്കുക എന്നത് അനിവാര്യമാണ്. പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ള ജനവിഭാഗത്തിന്റെ പോഷണ നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി ലഭ്യമായിട്ടുള്ള പോഷണ സംബന്ധിയായ എല്ലാ പദ്ധതികളുടെയും ഏകോപനമാണ് പോഷണ ദൗത്യത്തിന്റെ നെടുംതൂൺ. അങ്കണവാടി സേവനങ്ങൾ, പ്രധാനമന്ത്രി മാതൃവന്ദന യോജന, സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (SAG), ജനനി സുരക്ഷ യോജന, ദേശീയ ആരോഗ്യ ദൗത്യം (NHM), അനീമിയ മുക്ത് ഭാരത് ഇന്ദ്രധനുഷ്, സ്വച്ഛ് ഭാരത് മിഷൻ, പൊതു വിതരണ സംവിധാനം (PDS), തൊഴിലുറപ്പ് പദ്ധതി, കുടിവെള്ള വിതരണം, ശുചിമുറി നിർമ്മാണം തുടങ്ങി വൈവിധ്യമാർന്ന പല പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു.

പദ്ധതിയുടെ ഭാഗമായി എല്ലാ അങ്കണവാടി വർക്കർമാർക്കും പ്രത്യേക സോഫ്റ്റ് വെയർ ഉള്ള മൊബൈൽ ഫോണുകൾ നൽകിയിട്ടുണ്ട്. അങ്കണവാടികളിൽ ഉപയോഗിക്കുന്ന പത്തോളം രജിസ്റ്ററുകൾക്കു പകരമാകുകയാണ് ഈ മൊബൈൽ ഫോണുകൾ, കൂടാതെ എല്ലാ അങ്കണവാടികൾക്കും വളർച്ച നിരീക്ഷണ

| | |
|---|---|
| | ഉപകരണങ്ങളും നൽകിയിട്ടുണ്ട്. പൊതുജന ബോധവത്കരണത്തിനായി എല്ലാ മാസവും അങ്കണവാടികളിൽ രണ്ടു സാമൂഹ്യാധിഷ്ഠിത പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | ബി) |

| ക്രമ നം | ലക്ഷ്യങ്ങൾ | ടാർജറ്റ് |
|---|---|---|
| 1 | 0-6 വയസ്സുവരെയുള്ള കുട്ടികളിലെ വളർച്ചാ മുരടിപ്പ് ഒഴിവാക്കുകയും അതിന്റെ നിരക്ക് കുറച്ചുകൊണ്ടു വരികയും ചെയ്യുക | പ്രതിവർഷം 2% നിരക്കിൽ 3 വർഷം കൊണ്ട് 6% കുറയ്ക്കുക |
| 2 | 0-6 പ്രായപരിധിയിലെ കുട്ടികളിലെ തൂക്കക്കുറവ് ഒഴിവാക്കുകയും തോത് കുറച്ചുകൊണ്ടു വരികയും ചെയ്യുക | പ്രതിവർഷം 2% നിരക്കിൽ 3 വർഷം കൊണ്ട് 6% കുറയ്ക്കുക |
| 3 | 6 മാസം മുതൽ 59 മാസം വരെയുള്ള കുട്ടികളിലെ വിളർച്ചാ നിരക്ക് കുറയ്ക്കുക | പ്രതിവർഷം 2% നിരക്കിൽ 3 വർഷം കൊണ്ട് 9% കുറയ്ക്കുക |
| 4 | 15-49 വയസ്സ് പ്രായപരിധിയിലെ കൗമാര പ്രായക്കാരായ പെൺ കുട്ടികളുടെയും സ്ത്രീകളുടെയും വിളർച്ചാ നിരക്ക് കുറയ്ക്കുക | പ്രതിവർഷം 2% നിരക്കിൽ 3 വർഷം കൊണ്ട് 6% കുറയ്ക്കുക |
| 5 | ജനനഭാരം കുറഞ്ഞ കുട്ടികളുടെ എണ്ണം കുറയ്ക്കുക | പ്രതിവർഷം 2% നിരക്കിൽ 3 വർഷം കൊണ്ട് 6% കുറയ്ക്കുക |

| | |
|---|---|
| സി) പദ്ധതി നടത്തിപ്പിനായി കേന്ദ്രസർക്കാർ തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | സി) പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ 7765.28 ലക്ഷം രൂപയും സംസ്ഥാന സർക്കാർ നാളിതുവരെ 1941.32 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ